കേരള കയർ മാർക്കറ്റിംഗ് കൺസോർഷ്യത്തിന്റെ പ്രവർത്തനങ്ങൾക്ക് ചെലവിട്ട തുക

52 (1015) ശ്രീ. എം. മുരളി :
ശ്രീ. വർക്കല കഹാർ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കയർ വിപണനത്തിനായി രൂപീകരിച്ച കേരള കയർ മാർക്കറ്റിംഗ് കൺസോർഷ്യത്തിന്റെ പ്രവർത്തനങ്ങൾക്കായി ഇതുവരെ എന്ത് തുക ചെലവിട്ടു എന്ന് വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്തെ കയർ വിപണിയിൽ ഇതുവരെ കൺസോർഷ്യത്തിന്റെ പ്രവർത്തനത്തിലൂടെ എത്ര കോടി രൂപയുടെ അധിക വിറ്റുവരവ് നേടാനായി എന്ന് കണക്കാക്കിയിട്ടുണ്ടോ ;

(സി) ഇത്തരത്തിൽ രൂപീകരിച്ച കൺസോർഷ്യത്തിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളത് ; ഈ സാമ്പത്തിക വർഷത്തിൽ എന്തൊക്കെ നിർദ്ദേശങ്ങൾ നടപ്പിലാക്കും എന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) കേരള കയർ മാർക്കറ്റിംഗ് കൺസോർഷ്യത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി രൂപീകരിച്ച കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനങ്ങൾക്കായി ഏകദേശം 82,90,038 രൂപ വരെ ചെലവായിട്ടുണ്ട്.

(ബി) ആഭ്യന്തര വിദേശ വിപണി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കയർ മാർക്കറ്റിംഗ് കൺസോർഷ്യത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി രൂപീകരിച്ച കമ്മിറ്റിയുടെ മേൽനോട്ടത്തിൽ Coirfed, Kerala State Coir Corporation, Foam Mattings (India) Ltd., തുടങ്ങിയ സ്ഥാപനങ്ങൾ വിവിധ ആഭ്യന്തര വിദേശ വിപണന മേളകളിൽ പങ്കെടുത്തു. ഇതുമായി ബന്ധപ്പെട്ട് വിവിധ ഏജൻസികളുമായിട്ടുള്ള ചർച്ചകൾ പുരോഗമിക്കുന്നു. ഏകദേശം 4 കോടി രൂപയോളം വരുന്ന ആഭ്യന്തര വിദേശ ഓഡറുകളുടെ ചർച്ചകൾ നടന്നു വരുന്നു.

(സി) കേരളത്തിൽ ഉല്പാദിപ്പിക്കുന്ന ഗുണമേന്മയേറിയ കയറും, കയറുല്പന്നങ്ങളും ആഭ്യന്തര-വിദേശ വിപണികളിൽ കേരള കയർ-ദൈവത്തിന്റെ സ്വന്തം നാട്ടിലെ സുവർണ്ണ നാര് എന്ന ബ്രാൻഡിൽ വിപണനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ആഭ്യന്തര വിപണനത്തിന്റെ വികസനത്തിന് വേണ്ടി വിവിധ തലത്തിലുള്ള വിപണന സൗകര്യങ്ങൾ ഉണ്ടാക്കിയെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. അതിലൂടെ കയർ ഉല്പന്നങ്ങൾ കാര്യക്ഷമമായ രീതിയിൽ ഉപഭോക്താവിന്റെ പക്കൽ എത്തുവാനുള്ള ശൃംഖല ഉണ്ടാക്കിയെടുക്കാൻ സാധിക്കും. വിവിധ തലത്തിലുള്ള വിപണനത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് വേണ്ടിയുള്ള പ്രാരംഭ നടപടികളും കയർ വിപണന രംഗത്തെ ഏകോപിപ്പിക്കുവാനുള്ള നിർദ്ദേശങ്ങളും കയർ മാർക്കറ്റിംഗ് കൺസോർഷ്യം നൽകുന്നതാണ്. കയർ മാർക്കറ്റിംഗ് കൺസോർഷ്യത്തിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി പ്രവർത്തനം മെച്ചപ്പെടുത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly